# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2481 06.12.2018- ൽ മറുപടിക്ക്**

## വാണിജ്യ മിഷൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അടൂർ പ്രകാശ് | ശ്രീ. ഇ.പി. ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | 2017 ലെ വ്യവസായ വാണിജ്യ നയത്തിൽ വാണിജ്യ മിഷൻ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ടോ; | എ) & ബി) | 20.07.2018 -ലെ സ.ഉ.(കൈ)നം.51/2018/വ്യവ. പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള 2018 -ലെ കേരള വ്യവസായ വാണിജ്യ നയത്തിൽ പറഞ്ഞതിൻ പ്രകാരം 3.12.2018 -ലെ സ.ഉ.(സാധ) നം.1329/2018/വ്യവ. പ്രകാരം വാണിജ്യമിഷൻ രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>പ്രാദേശികവും ദേശീയവും അന്തർദേശീയവുമായ കമ്പോളത്തിൽ പൊതുമേഖലാ, സ്വകാര്യ മേഖല, പരമ്പരാഗത മേഖല, സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലകളിലെ കേരളീയ ഉൽപ്പന്നങ്ങൾക്ക് അർഹമായ സ്ഥാനം ലഭിക്കത്തക്കതരത്തിൽ മേളകളും ഫെയറുകളും സംഘടിപ്പിച്ച് ബിസിനസ്സ് ബന്ധം വളർത്തുകയും വിപണി കണ്ടെത്തുകയും ചെയ്യുക എന്നതാണ് വാണിജ്യമിഷൻ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. |
| ബി) | എങ്കിൽ ഇതിലൂടെ ലക്ഷ്യമിടുന്നത് എന്താണെന്ന് വ്യക്തമാക്കുമോ; | | |
| സി) | കേരളത്തിലെ ചെറുകിട വ്യാപാര മേഖലയെ വളർത്തുന്നതിന് ടൂറിസം വകുപ്പുമായി ചേർന്ന് മേളകൾ സംഘടിപ്പിക്കുന്നുണ്ടോ; ഇതിലൂടെ പ്രസ്തുത മേഖലയ്ക്ക് ഉണർവ് നൽകുന്നതിന് സാധിച്ചിട്ടുണ്ടോ; | സി) | കേരളത്തിലെ ചെറുകിട വ്യാപാര മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് വ്യവസായ വകുപ്പ് സ്വന്തം നിലയിൽ മേളകൾ സംഘടിപ്പിക്കുന്നു. ഇതിലൂടെ എം.എസ്.എം.ഇ. മേഖലയ്ക്ക് ഉണർവ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട് . |
| ഡി) | സംസ്ഥാനത്തെ സംരംഭകർക്ക് അന്തർദേശീയ വിപണികളെക്കുറിച്ച് അവബോധം നൽകുന്നതിന് എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കുന്നത്;വിശദാംശം നൽകുമോ? | ഡി) | സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങളുടെ വളർച്ചക്ക് വേണ്ടി ബിസിനസ്സ് ടു ബിസിനസ്സ് മീറ്റുകൾ ( ബി 2 ബി ) സംഘടിപ്പിക്കുന്നു .<br>കേരളത്തിലെ ചെറുകിട വ്യവസായങ്ങൾക്ക് വിപണി വർധിപ്പിക്കുന്നതിനായി ദേശീയ അന്തർ ദേശീയ ഫെയറുകളിൽ സൂക്ഷ്മ ചെറുകിട വ്യവസായ സ്ഥാപനങ്ങളെ പങ്കെടുപ്പിച്ച് വരുന്നു. വാണിജ്യ മിഷൻ രൂപീകരണത്തോടെ വിപണി കണ്ടെത്തുന്നതിന് സംരംഭകർക്ക് കഴിയും . |

സെക്ഷൻ ഓഫീസർ